(ഡി) ഇവർക്ക് പോസ്റ്റ് ലഭ്യമാക്കി കണക്ഷനുകൾ എന്നത്തേക്ക് നൽകാനാവും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ദക്ഷിണ, മദ്ധ്യമേഖലകളിൽ മാത്രമേ വൈദ്യുതി പോസ്റ്റുകളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുള്ളൂ. ഇത്തരം മേഖലയിൽ വൈദ്യുതി പോസ്റ്റുകൾ ലഭ്യമാണ്.

(ബി) ദക്ഷിണമേഖലയിലേക്ക് ഓർഡർ നൽകിയ 14,000 പോസ്റ്റുകളുടെ വിതരണം പുരോഗമിച്ച് വരുന്നു. ദക്ഷിണമേഖലയ്ക്കും മദ്ധ്യമേഖലയ്ക്കുമായി 1,22,800 പോസ്റ്റുകൾക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം ജില്ലയിലേക്ക് 28,156 പോസ്റ്റുകളും കണ്ണൂർ ജില്ലയിൽ 10,246 പോസ്റ്റുകളും ലഭ്യമാകുന്ന വിധത്തിൽ നിലവിലുള്ള കരാറുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) നോർമൽ കാറ്റഗറി കണക്ഷനുകൾക്ക് ലക്ഷ്യമിട്ടിട്ടുള്ള കാലപരിധിയിൽ വരുന്ന 60 കണക്ഷനുകൾ ഇനി നൽകാനുണ്ട്.

(ഡി) ഉത്തരം (സി)യിൽ പറഞ്ഞിട്ടുള്ള പോസ്റ്റുകൾ ലഭ്യമാവുന്ന മുറയ്ക്ക് കണക്ഷൻ നൽകാനാകും.

വൈദ്യുതി ഷോക്കേറ്റ് പരിക്ക് പറ്റിയവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും ധനസഹായം

18 (2296) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഷോക്കേറ്റ് പരിക്ക് പറ്റുന്നവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും ധനസഹായം നൽകുന്ന എന്തെങ്കിലും പദ്ധതി ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാന വൈദ്യുതി ബോർഡ്, നാഷണൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് 1-1-2000 മുതൽ നടപ്പാക്കിയിട്ടുള്ള "വൈദ്യുതി സുരക്ഷാ ഇൻഷുറൻസ് പദ്ധതി പ്രകാരം വൈദ്യുതി ബോർഡിന്റെ വൈദ്യുതി ഉപകരണങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതു ജനങ്ങളുടെ നിയമപരമായ ആശ്രിതർക്ക് പരമാവധി 50,000 രൂപ വരെയും അംഗ വൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോതനുസരിച്ച് നിജപ്പെടുത്തിയിട്ടുള്ള 50,000 രൂപയിൽ ആനുപാതികമായ തുകയും ധനസഹായമായി അനുവദിക്കുന്നുണ്ട്. കൂടാതെ വൈദ്യുതി ലൈനുകളിൽ ജോലി ചെയ്യുമ്പോൾ അപകടം സംഭവിക്കുന്ന വൈദ്യുതി ബോർഡ് ജീവനക്കാരുടെയും പെറ്റി കോൺട്രാക്ടർമാരുടെയും ആശ്രിതർക്ക് "വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട് 1923" അനുസരിച്ച് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly